# <u>ക്രസ്തുമസ്സ് സന്ദേശം</u>

ആർച്ച് ബിഷപ്പ് സൂസപാക്യം

വർണ്ണപ്പകിട്ടാർന്ന ക്രിസ്മസ് ആഘോഷങ്ങളുടെ തിരക്കിൽ യേശുവിന്റെ തിരുപ്പിറവിയുടെ അർത്ഥം ഗ്രഹിക്കുവാനും ഉൾക്കൊള്ളുവാനും നമുക്കു സാധിക്കാതെ പോകുന്നു. ഇന്നത്തെ ജീവിത സാഹചര്യങ്ങളിൽ ക്രിസ്സ്മസ്സ് നമുക്ക് നൽകുന്ന സന്ദേശമെന്തെന്ന് ഒരു നിമിഷം ചിന്തിച്ചുപോവുകയാണ്.

## 1. <u>തിന്മയ്ക്കെതിരായ ശക്തമായ നിലപാട്</u>

നന്മ തിന്മകളെകുറിച്ചുള്ള അവബോധം ഇന്നത്തെ സമൂഹത്തിന് ഒന്നിനൊന്ന് നഷ്ടമാകുന്നതായി തോന്നിപ്പോകുന്നു. സ്വാർത്ഥ ലാഭമാണ് പൊതുവേ എല്ലാവരുടേയും ലക്ഷ്യം. വിശ്വാസ പ്രമാണങ്ങൾക്കും സനാതന മൂല്യങ്ങൾക്കും പലരുടേയും ജീവിതത്തിൽ വലിയ സ്ഥാനമൊന്നും കാണുന്നില്ല. ഓരൊരുത്തരുടേയും താൽപര്യമനുസരിച്ച് നന്മയെ തിന്മയായും തിന്മയെ നന്മയായും അവതരിപ്പിക്കുകയും തിന്മയ്ക്ക് നിയമ പ്രാബല്യം നൽകുകയും ചെയ്യുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഒരു വശത്ത് തിന്മയ്ക്കു കൂട്ടു നിൽക്കുകയും മറുവശത്ത് തിന്മയിൽ നിന്ന് മോചനമാഗ്രഹിക്കുകയും ചെയ്യുന്ന ഒരു സമൂഹം!

ഇന്നു മനുഷ്യരെ ഏറ്റവുമധികം പരിഭ്രാന്തരാക്കുന്നത് ഭീകര പ്രവർത്തനങ്ങളാണെന്നു തോന്നുന്നു. വീട്ടിൽ നിന്നും പുറത്തിറങ്ങിയാൽ സുഗമമായി സഞ്ചരിക്കാമെന്നോ സുരക്ഷിതമായി തിരിച്ചു വരാമെന്നോ ആർക്കും ഒരു നിശ്ചയവുമില്ല. ലോകശക്തികളെന്നു വീമ്പടിക്കുന്ന രാഷ്ട്രങ്ങൾക്കുതന്നെയും നിയമ നിർമ്മാണത്തിലൂടെയോ സൈനിക ശക്തിയിലൂടെയോ ഭീകര പ്രവർത്തനങ്ങളെ നിയന്ത്രിക്കാനാവുന്നില്ല. അതു സാധിക്കണമെങ്കിൽ മനുഷ്യന്റെ ഉള്ളു നന്നാവണം. ഓരോ മനുഷ്യനും തിൻമയ്ക്കെതിരായ ശക്തമായ നിലപാടുകളെടുക്കാൻ സന്നദ്ധനാവണം. എന്നാൽ വളർന്നു വരുന്ന മരണ സംസ്ക്കാരത്തിൽ നിന്ന് മോചനമാഗ്രഹിക്കുന്ന നമ്മുടെ സമൂഹം തന്നെ ദിനം പ്രതി അനേകായിരങ്ങളെ കൊന്നൊടുക്കുന്ന ഗർഭച്ഛിദ്രം, ദയാവധം, അത്മഹത്യ, അസന്മാർഗ്ഗികത തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുകയും അവയ്ക്ക് നിയമ പ്രാബല്യം നൽകികൊണ്ട് മരണസംസ്ക്കാരത്തിന് കൂട്ടു നിൽക്കുകയും ചെയ്യുന്നു. ഓരോരുത്തരുടേയും വിശ്വാസപ്രമാണങ്ങളുടെ വെളിച്ചത്തിൽ മനഃസാക്ഷിയുടെ സ്വരമനുസരിച്ച് തിന്മയെ നന്മയിൽ നിന്നും വേർതിരിച്ചു കാണുവാനും തിന്മ, അത് ഏതു രൂപത്തിലായിരുന്നാലും, അതിനെതിരായി സന്ധിയില്ലാത്ത സമരം പ്രാഖ്യാപിക്കുവാനുമുള്ള ആഹ്വാനമാണ് പ്രഥമവും പ്രധാനവുമായി ക്രിസ്സ്മസ്സ് നമുക്കു നൽകുന്ന സന്ദേശം. ദൈവം മനുഷ്യനായി അവതരിച്ചത് മനുഷ്യനെ പാപത്തിൽ നിന്ന് മോചിപ്പിക്കുവാനാണ്. ‘അവൻ തന്റെ ജനത്തെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കും’ (മത്താ 1, 21).

## 2. <u>നഷ്ടപ്പെട്ട ദൈവിക ഛായയും സാദൃശ്യവും വീണ്ടെടുക്കുവാനുള്ള ആഹ്വാനം</u>

പാപത്തിലൂടെ നഷ്ടപ്പെട്ട ദൈവീക ഛായയും സാദൃശ്യവും വീണ്ടെടുക്കുനാനുള്ള ആഹ്വാനമാണ് ക്രിസ്സ്മസ്സ് നമുക്കു നൽകുന്ന മറ്റൊരു സന്ദേശം. മറ്റെല്ലാ സൃഷ്ടികളിൽ നിന്നും വിഭിന്നമായി ദൈവം മനുഷ്യനെ തന്റെ തന്നെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിച്ചത്

(ഉൽപ. 1, 26). ദൈവം സൃഷ്ടിച്ച ആദ്യ മനുഷ്യൻ ദൈവത്തെപ്പോലെയായിരുന്നു. പൂഴിയിൽ നിന്നും മെനഞ്ഞെടുത്ത മനുഷ്യന്റെ നാസാരന്ധ്രങ്ങളിൽ ദൈവം നിശ്വസിച്ചപ്പോൾ അവനിലേയ്ക്ക് പ്രവഹിച്ച ദൈവചൈതന്യമാണ് മനുഷ്യന് ദൈവത്തിന്റെ തന്നെ ഛായയും സാദൃശ്യവും നൽകിയത് (cf: ഉൽപ 2, 7). ഈ ദൈവിക ചൈതന്യം അവനിലുള്ളിടത്തോളം കാലം മനുഷ്യൻ ദൈവത്തെപ്പോലെയായിരിക്കും. ഇങ്ങനെ ദൈവവുമായുള്ള ബന്ധത്തിലൂടെ ദൈവത്തെ പോലെയായിരുന്ന മനുഷ്യൻ, അവനെ ദൈവത്തോളമുയർത്തിയ സ്വാതന്ത്ര്യം ദുരുപയോഗിച്ചു കൊണ്ട് ദൈവത്തെ ധിക്കരിക്കുകയും ദൈവത്തെ കൂടാതെ ദൈവത്തെപോലെയാകുവാൻ ശ്രമിക്കുകയും ചെയ്തു (cf: ഉൽപ 3, 5). ഇതു കാരണം മനുഷ്യനുണ്ടായിരുന്ന ദൈവിക ഛായയും സാദൃശ്യവും നഷ്ടമായെന്നു മാത്രമല്ല, എല്ലാവിധ ദുഃഖദുരിതങ്ങൾക്കും നാശത്തിനും മരണത്തിനും അവൻ വിധേയനാവുകയും ചെയ്തു. ഇതിന് പരിഹാരമായി, പറുദീസായിൽ നിന്ന് ദൈവം മനുഷ്യനെ ബഹിഷ്കരിക്കുന്നതിനു മുമ്പു തന്നെ ഒരു രക്ഷകനെ വാഗ്ദാനം ചെയ്യുകയുണ്ടായി. (cf: ഉൽപ 3, 15) സമയത്തിന്റെ പൂർണ്ണതയിൽ മനുഷ്യനെ ദൈവവുമായി വീണ്ടും കൂട്ടിയോജിപ്പിച്ചുകൊണ്ട് പാപത്തിലൂടെ നഷ്ടപ്പെട്ട ദൈവിക ഛായയും സാദൃശ്യവും മനുഷ്യനു വീണ്ടെടുത്തു കൊടുക്കുവാനാണ് ദൈവം തന്നെ മനുഷ്യ പ്രാകൃതി സ്വീകരിച്ചുകൊണ്ട് മനുഷ്യനായി അവതരിച്ചത് ഇതാണ് ക്രിസ്സമസ്സ്. ദൈവത്തിൽ നിന്നുള്ള അകൽച്ചയിലൂടെ മനുഷ്യന് നഷ്ടമായ ദൈവിക ഛായയും സാദൃശ്യവും യേശുവിനെ സ്വീകരിച്ചുകൊണ്ട് വീണ്ടെടുക്കുവാനുള്ള ആഹ്വാനമാണ് ക്രസ്സ്മസ്സ് എല്ലാ മനുഷ്യർക്കും നൽകുന്ന മറ്റൊരു സന്ദേശം. 'തന്നെ സ്വീകരിച്ചവർക്കെല്ലാം ദൈവമക്കളാകുവാൻ അവൻ കഴിവു നൽകി' (യോഹ: 1,12).

## 3. ദൈവത്തെ മനുഷ്യരുടെ ഇടയിൽ കണ്ടെത്തുവാനുള്ള മാർഗ്ഗനിർദ്ദേശം

നഷ്ടപ്പെട്ട ബന്ധം വീണ്ടെടുക്കുവാനായി ദൈവത്തെ അന്വേഷിക്കുന്ന മനുഷ്യരെല്ലാം സാധാരണ നോക്കാറുള്ളത് മുകളിലോട്ടാണ്. കാരണം ദൈവം ആകാശങ്ങളിലെവിടെയോ വസിക്കുന്നുവെന്നതാണ് പൊതുവേ മനുഷ്യരുടെ സങ്കൽപം. എന്നാൽ സ്വർഗ്ഗാധിസ്വർഗ്ഗങ്ങൾക്കോ ഈ പ്രപഞ്ചത്തിനോ ഉൾകൊള്ളാനാവാത്ത ദൈവം ഒരു പിഞ്ചു ശിശുവിന്റെ രൂപത്തിൽ ക്രിസ്സമസ്സ് രാത്രിയിൽ ഈ ഭൂമിയിലേയ്ക്ക് ഇറങ്ങി വന്നു. 'അവൻ ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്നു വിളിക്കപ്പെടും' (മത്താ 1, 23). ഇങ്ങനെ നമ്മോടൊത്തു വാസമുറപ്പിച്ച ദൈവത്തെ ഈ ഭൂമിയിൽത്തന്നെ, മനുഷ്യരുടെ ഇടയിൽത്തന്നെ കണ്ടെത്തുവാനുള്ള മാർഗ്ഗനിർദേശമാണ് ക്രസ്മസ് നമുക്ക് നൽകുന്ന വേറൊരു സന്ദേശം.

## 4. ''സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്ക്കരം''

ഉന്നതങ്ങളിലെ ദൈവത്തെ നോക്കുമ്പോൾ ശക്തിയുടേയും മഹത്വത്തിന്റേയും ആധിപത്യത്തിന്റേയും ചിന്തകളാണ് മനുഷ്യ മനസ്സിൽ വന്നു നിറയുന്നത്. സ്വീകരിക്കാനുള്ള മനോഭാവത്തോടെയാണ് എല്ലാവരും ഈ ദൈവത്തെ സമീപിക്കുന്നത്. എന്നാൽ ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവവുമായുള്ള സമാനത നിലനിറുത്തേണ്ട കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കികൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യന്റെ സാദൃശ്യത്തിൽ ആയിത്തീർന്ന (cf: ഫിലി: 2,6-7) ദൈവം സ്നേഹത്തിന്റെ വികാരങ്ങളും

ത്യാഗസന്നദ്ധതയുമാണ് മനുഷ്യ ഹൃദയങ്ങളിൽ നിറയ്ക്കുന്നത്. നൽകുവാനുള്ള മനോഭാവത്തോട് കൂടി മാത്രമേ ഈ ദൈവത്തെ സമീപിക്കുവാൻ സാധിക്കുകയുള്ളൂ. മനുഷ്യനായി അവതരിച്ച ദിവ്യ ശിശുവിനെ കാണുവാനെത്തിയവരെല്ലാം സ്വീകരിക്കുന്നതിനു പകരം തങ്ങളുടേതായ കാഴ്ച്ചകൾ ശിശുവിന് നൽകിയിട്ടാണ് മടങ്ങി പോകുന്നത്. ഉള്ളതെല്ലാം ദിവ്യ ശിശുവിന്റെ പാദാന്തികത്തിൽ അവർ സമർപ്പിച്ചു; പകരം അവർക്ക് ലഭിച്ചത് സന്തോഷവും സമാധാനവും സംതൃപ്തിയുമായിരുന്നു. സ്വയം ശൂന്യനാക്കിയ ഈ ദൈവത്തെ സർവ്വ പ്രധാനമായും നമുക്ക് അനുഭവവേദ്യമാക്കിത്തരുന്നത്. സമൂഹത്തിലെ അവശരും അവഗണിക്കപ്പെട്ടവരും ആലംബഹീനരുമായ മനുഷ്യരാണ്. ''എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് നിങ്ങൾ ചെയ്തു തന്നത്'' (മത്ത 25, 40). ''സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്സ്കരം'' (അപ്പ. നട. 20, 35) എന്ന സന്ദേശമാണ് ക്രിസ്സമസ്സ് മനുക്കു നൽകുന്നത്.

## 5. മനുഷ്യനു ദൈവതിരുമുമ്പിലുള്ള അന്തസിനെയും മഹത്വത്തെയും കുറിച്ചുള്ള വെളിപാട്

സവർണ്ണരെന്നും അവർണ്ണരെന്നും കുലീനരെന്നും അധഃകൃതരെന്നും പ്രബലരെന്നും അബലരെന്നും മനുഷ്യരെ പലതട്ടുകളിലായി വിഭജിച്ച് അവരെ പുച്ഛിക്കുകയും അവഗണിക്കുകയും തിരസ്കരിക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതിയാണ് ഇന്നു നിലവിലുള്ളത്. മനുഷ്യനായി അവതരിച്ച ദൈവത്തെ കണ്ടെത്തുവാനായി ദൈവ ദൂതൻ ആട്ടിടയന്മാർക്ക് നൽകിയ അടയാളമിതാണ്. 'പിള്ളകച്ചകൊണ്ടു പൊതിഞ്ഞു പുൽതൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെ നിങ്ങൾ കാണും' (ലൂക്കാ 2,12). ഇപ്രകാരം ദൈവം തന്നെത്തന്നെ താഴ്ത്തിയപ്പോൾ അങ്ങേയറ്റം നിസ്സാരമെന്നു കരുതപ്പെടുന്ന മനുഷ്യരും ദൈവത്തോളമുയർന്നു. ദൈവം എല്ലാവരുടേയും താഴയാണെങ്കിൽ സകല മനുഷ്യരും ഈ ദൈവത്തേക്കാൾ ഒരു പടികൂടി ഉയർന്നവരാണ്. അതുകൊണ്ട് ഇനി ആരും ചെറിയവരല്ല, വിലകുറഞ്ഞവരല്ല, അധഃകൃതരല്ല. ആരൊക്കെ നമ്മെ അവഗണിച്ചാലും തള്ളിപറഞ്ഞാലും ലോകത്തിലെ ഏതൊരു മനുഷ്യനെക്കാളും സ്വയം താഴ്ത്തിയ ദൈവപുത്രനുള്ളിടത്തോളം കാലം നാം ഒരു പടികൂടി ഉയർന്നവരാണ്. മനുഷ്യന് ദൈവ തിരുമുമ്പിലുള്ള അന്തസിനേയും മഹത്വത്തേയും കുറിച്ചുള്ള വെളിപാടാണ് ക്രിസ്സ്മസ്സ് നമുക്കു നൽകുന്ന മറ്റൊരു സന്ദേശം.

ഇങ്ങനെ ദൈവവുമായി സദാ ബന്ധപ്പെട്ടു നിന്നുകൊണ്ട് ദൈവ മനുഷ്യരുടെ മഹത്വത്തിലേയ്ക്ക് ഉയരാനുള്ള അനുഗ്രഹം ഈ ക്രിസ്സമസ്സ് മാനവരാശിക്ക് നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സന്തോഷം നിറഞ്ഞ ക്രസ്സ്മസും അനുഗ്രഹ പ്രദമായ പുതുവത്സരവും ഞാൻ നിങ്ങളേവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.